I ഇ.ബി. XIV-കേരള നിയമസഭ/XVI-9

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 നവംബർ 07, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

സിവിൽ പോലീസ് ഓഫീസർ നിയമനത്തിലെ അനിശ്ചിതത്വം

മി. സ്പീക്കർ: കെ.എ.പി. കാസർഗോഡ് ബറ്റാലിയനിലേയ്ക്കുള്ള സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. പരീക്ഷയിൽ ക്രമക്കേട് നടത്തിയവർക്ക് ജാമ്യം ലഭിക്കാനിടയായതും കുറ്റപത്രം യഥാസമയം സമർപ്പിച്ച് അന്വേഷണം പൂർത്തിയാക്കാത്തതിനാൽ റാങ്ക് ലിസ്റ്റിൽപ്പെട്ട

ഉദ്യോഗാർത്ഥികളുടെ നിയമനം അനിശ്ചിതമായി നീണ്ടുപോകുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കെ.എ.പി. കാസർഗോഡ് ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് 22-07-2018-ന് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് പട്ടികയിൽ ഒന്നും രണ്ടും ഇരുപത്തിയെട്ടും റാങ്ക് നേടിയ ഉദ്യോഗാർത്ഥികൾ പരീക്ഷയിൽ ക്രമക്കേട് നടത്തിയെന്ന ആരോപണത്തെത്തുടർന്ന് ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രതികളായ ഉദ്യോഗാർത്ഥികൾ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുപയോഗിച്ച് ക്രമക്കേട് നടത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾക്ക് ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ജാമ്യം അനുവദിച്ചിട്ടുണ്ട്. ടി കേസ്സിന്റെ അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറണമെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികൾ കേരള

ഹൈക്കോടതിയുടെ പരിഗണനയിലാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിന് റാങ്ക് ലിസ്റ്റിൽനിന്നും പ്രൊവിഷണലായി അഡ്വൈസ് മെമ്മോ നൽകുന്നതിനുള്ള സാധ്യതയെക്കുറിച്ച് പി.എസ്.സി.-യുമായി ചർച്ച ചെയ്യുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: കെ.എ.പി. കാസർഗോഡ് ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് പി.എസ്.സി.-യുടെ വിശ്വാസ്യതയും സുതാര്യതയും നഷ്ടപ്പെട്ടിരിക്കുകയാണ്. സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കാത്തതിനാൽ കേസ്സിലെ ഒന്നും രണ്ടും പ്രതികളടക്കമുള്ളവർക്ക് ജാമ്യം അനുവദിച്ചതിലൂടെ പോലീസിന്റെ നിഷ്ക്രിയത്വമാണ് പുറത്തുവരുന്നത്. പരീക്ഷാ സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന ഇൻവിജിലേറ്റർമാരുടെയും പി.എസ്.സി. ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം കണ്ടെത്തണം. ക്രമക്കേടിൽ ഉൾപ്പെട്ട പോലീസുദ്യോഗസ്ഥനെ കസ്റ്റഡിയിലെടുക്കാതെ ഒളിവിൽപ്പോകാൻ അവസരമൊരുക്കിക്കൊടുത്തതിലൂടെ പ്രതികളെ സംരക്ഷിക്കുന്ന സർക്കാർ നിലപാട് വ്യക്തമാണ്. പ്രസ്തുത അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കാനും ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാനും

തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പി.എസ്.സി.-യുടെ വിശ്വാസ്യത കണക്കിലെടുത്ത് പോലീസ് നടത്തിയ ഗൗരവമായ അന്വേഷണത്തിലൂടെയാണ് പ്രതികളെ പിടികൂടാനായത്. ഫോറൻസിക് റിപ്പോർട്ട് ലഭ്യമാക്കി അന്വേഷണം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വസ്തുതകളുടെ അടിസ്ഥാനത്തിലാണ് പ്രതികൾക്ക് കോടതി ജാമ്യം അനുവദിച്ചിട്ടുള്ളത്. ക്രൈംബ്രാഞ്ച് അന്വേഷണം പുരോഗമിക്കുന്ന സാഹചര്യത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യമില്ല. പ്രതികൾക്ക് യാതൊരുവിധ രാഷ്ട്രീയപരിരക്ഷയും നൽകുന്നതല്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ആശങ്കയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്. കുറ്റവാളികൾക്ക് നിയമപരമായി ലഭിക്കേണ്ട പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, സി. എഫ്. തോമസ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണം

ശ്രീ. ബി. സത്യൻ: സ്വന്തമായി വീടും ഭൂമിയുമില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പാർപ്പിടം നിർമ്മിച്ചുനൽകുന്നതിനും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുകൂടി സഹായം ലഭ്യമാകുന്ന വിധത്തിൽ ലൈഫ് പദ്ധതി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ലൈഫ് പദ്ധതി മുഖാന്തരം 9650 പട്ടികജാതി കുടുംബങ്ങൾക്കും 3209

പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീടുകൾ അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാത്തതും വിവിധ പദ്ധതികൾ മുഖേന നിർമ്മാണം ആരംഭിച്ച് വാസയോഗ്യമാക്കാൻ കഴിയാതെപോയ വീടുള്ളവർക്കും ഒന്നര ലക്ഷം രൂപ അനുവദിക്കുന്ന ഒരു പുതിയ പദ്ധതി പട്ടികജാതി വികസന വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ മാനദണ്ഡ പ്രകാരം ലിസ്റ്റിൽ ഉൾപ്പെടാതെപോയ വാസയോഗ്യമായ വീടില്ലാത്തവർക്കും വീടുകൾ നൽകുന്നതിന് ലൈഫ് മിഷനിൽ പ്രത്യേക പരിഗണന നൽകുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനങ്ങൾ ഉറപ്പു വരുത്തുന്നതിന് ലൈഫ് പദ്ധതി മാനദണ്ഡങ്ങളിൽ ഇളവു വരുത്തിയിട്ടുണ്ട്.

(2) റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

ശ്രീ. പി. കെ. ബഷീർ: റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ

ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ വിശദമായി സർവ്വേ നടത്തി പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ദീർഘകാലം നിലനിൽക്കുന്ന രീതിയിൽ പുനർനിർമ്മിക്കാനാണുദ്ദേശിക്കുന്നത്. കേരള പുനർനിർമ്മാണ പദ്ധതിക്കായി ലോകബാങ്ക് വായ്പയുടെ ആദ്യഗഡു ലഭിക്കുകയും രണ്ടാം ഗഡു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതികൾ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും ഉന്നതാധികാരസമിതിയും പരിഗണിക്കുകയും തത്വത്തിൽ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. നവീന പ്രവർത്തന മാതൃകകളും ഉന്നത സാങ്കേതികനിലവാരം പുലർത്തുന്ന നിർമ്മാണരീതികളും അവലംബിച്ച് കാര്യക്ഷമത ഉറപ്പാക്കി കാലതാമസംകൂടാതെ കേരളത്തിന്റെ സമഗ്രവികസനത്തിനുള്ള നടപടികളുമായാണ് ആർ.കെ.ഐ. മുന്നോട്ടുപോകുന്നത്.

## III സബ്മിഷൻ

### (1) കടലാക്രമണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഹരിപ്പാട്

നിയോജകമണ്ഡലത്തിലെ സുനാമി ബാധിത തീരപ്രദേശങ്ങളായ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ അതിരൂക്ഷമായ കടലാക്രമണം തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പല്ലന, ആറാട്ടുപുഴ പ്രദേശങ്ങളിലെ കടലാക്രമണ സംരക്ഷണ പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ മുഖേന നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കടലാക്രമണത്തിൽനിന്നുള്ള ശാശ്വതപരിഹാരത്തിനായി കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി പ്രവൃത്തികൾ നടപ്പാക്കാൻ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ടെണ്ടർ വിളിച്ചെങ്കിലും യോഗ്യമായ ടെണ്ടറുകൾ ലഭിക്കാത്തതിനാൽ റീ ടെണ്ടർ ചെയ്തിരിക്കുകയാണ്.

(2) റീ-സർവ്വേ

ശ്രീ. ഡി. കെ. മുരളി: കല്ലറ വില്ലേജിലെ റീ-സർവ്വേ അപാകതകൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): നെടുമങ്ങാട് താലൂക്കിലെ കല്ലറ വില്ലേജിൽ റീ-സർവ്വേ അപാകതകൾ

പരിഹരിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 2962 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. കൂടുതൽ ജീവനക്കാരെ നിയമിച്ച് പരമാവധി കേസുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(3) പുനലൂർ - പത്തനാപുരം - കോന്നി റോഡ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പുനലൂർ-പത്തനാപുരം-കോന്നി റോഡിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പി.പി.പി. മോഡലിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്ന പുനലൂർ-പത്തനാപുരം-കോന്നി റോഡ് ഇ.പി.സി. മോഡലിലേയ്ക്ക് മാറ്റുകയും പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള പദ്ധതി അംഗീകരിക്കുകയും ലോവസ്റ്റ് ടെണ്ടർ ക്വാട്ട് ചെയ്ത ആർ.ഡി.എസ്. കമ്പനിക്ക് കരാർ നൽകേണ്ടതെന്ന് നിർദ്ദേശിക്കുകയും പ്രസ്തുത വിവരം വേൾഡ് ബാങ്കിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വേൾഡ് ബാങ്ക് തീരുമാനമനുസരിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. മണ്ഡലകാലം ആരംഭിക്കുന്നതിനുമുമ്പ് അടിയന്തരമായി റോഡ് നവീകരിക്കാൻ സാധിക്കുമോയെന്ന കാര്യം ആലോചിക്കുന്നതാണ്.

(4) റോഡ് നവീകരണം

ശ്രീ. കെ. സി. ജോസഫ്: വെള്ളാട്-കരുവഞ്ചാൽ റോഡ് നവീകരിക്കാനും ആലക്കോട്, കരുവഞ്ചാൽ പാലങ്ങളുടെ നിർമ്മാണപ്രവൃത്തി ആരംഭിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വെള്ളാട്-കരുവഞ്ചാൽ റോഡിന്റെ പുനരുദ്ധാരണത്തിന് 2017-ൽ റീ-എസ്റ്റിമേറ്റെടുത്ത് റോഡിന്റെ ഒരു ഭാഗത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും കരുവഞ്ചാൽ ടൗൺ ഭാഗത്ത് സ്ഥലം ലഭിക്കാത്തതിനാൽ പദ്ധതി മുടങ്ങിയിരിക്കുകയാണ്. കരാർ റദ്ദ് ചെയ്യണമെന്ന ആവശ്യം പരിശോധിച്ച് റിസ്ക് ആന്റ് കോസ്റ്റിൽ ടെണ്ടർ ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(5) നാടക കലാകാരന്മാർക്കായി സമിതി രൂപീകരിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ: കേരളത്തിലെ നാടക കലാകാരന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതി രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): അവശതയനുഭവിക്കുന്ന നാടക കലാകാരന്മാർക്ക് നൽകിവരുന്ന പ്രതിമാസ പെൻഷൻ, ചികിത്സാ ധനസഹായം, ക്ഷേമനിധി ബോർഡിൽനിന്നുള്ള പെൻഷൻ എന്നിവ വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. നാടക കലാകാരന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ ആവശ്യമായ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(6) കുടിവെള്ള വിതരണം

ശ്രീമതി സി. കെ. ആശ: വെള്ളൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): വെള്ളൂർ പഞ്ചായത്തിലെ 8 വാർഡുകളിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡാണ് ജലവിതരണം നടത്തുന്നത്. 20 ശതമാനം പ്രദേശങ്ങളിൽ മാത്രമാണ് കേരള ജല അതോറിറ്റിയുടെ വിതരണശൃംഖലയുള്ളത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ജലവിതരണ പദ്ധതിയിൽനിന്ന് പിന്മാറുന്നപക്ഷം രൂക്ഷമായ കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് പുതിയ

പദ്ധതി വിഭാവനം ചെയ്യുന്നതാണ്.

## (7) ഫയർ സ്റ്റേഷൻ

ശ്രീ. സി. കൃഷ്ണൻ: പെരിങ്ങോം ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കണ്ണൂർ ജില്ലയിലെ പെരിങ്ങോം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടനിർമ്മാണത്തിനായി സമർപ്പിച്ച 3.75 കോടി രൂപയുടെ എസ്റ്റിമേറ്റ് തുക ഉയർന്നതായതിനാൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുള്ളതും അത് ലഭിക്കുന്നമുറയ്ക്ക് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

## (8) താനൂരിലെ അക്രമസംഭവങ്ങൾ

ശ്രീ. വി. അബ്ദുറഹിമാൻ: താനൂരിലെ തീരപ്രദേശങ്ങളിൽ നടന്ന അക്രമസംഭവങ്ങൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): താനൂർ തീരപ്രദേശങ്ങളിലുണ്ടായ അക്രമസംഭവങ്ങളെത്തുടർന്ന് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ നാലെണ്ണത്തിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് നടത്തിവരികയാണ്. ഇസ്ഹാഖ് കൊല്ലപ്പെട്ട സംഭവത്തിൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടക്കുന്നുണ്ട്. താനൂർ മേഖലയിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തുകയും കേസിൽ ഉൾപ്പെട്ടിട്ടുള്ളവർക്കെതിരെ നിയമനടപടി സ്വീകരിക്കുകയും തിരൂർ ഡിവൈ.എസ്.പി.-യുടെ ചുമതലയിൽ രണ്ട് സമാധാന കമ്മിറ്റികൾ രൂപീകരിക്കുകയും വിവിധ രാഷ്ട്രീയ സാമൂഹ്യ സംഘടനാ പ്രതിനിധികളെ പങ്കെടുപ്പിച്ച് ബോധവൽക്കരണ സമാധാന ശ്രമങ്ങൾ നടത്തിവരികയുമാണ്.

## (9) ഖാദി റിബേറ്റ്

ശ്രീ. വി. ഡി. സതീശൻ: ഖാദി ഉത്പന്നങ്ങൾക്ക് സംസ്ഥാന/ഇതര സംസ്ഥാന വിവേചനമില്ലാതെ റിബേറ്റ് കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഖാദി വസ്ത്രങ്ങളുടെ ചില്ലറ വില്പന പ്രോത്സാഹിപ്പിക്കുന്നതിന് വർഷം മുഴുവൻ 20 ശതമാനവും ഉത്സവദിനങ്ങളിൽ 30 ശതമാനവുമാണ് റിബേറ്റ് നൽകുന്നത്. സംസ്ഥാനത്തെ ഖാദി വസ്ത്ര ഉല്പാദനവും മറ്റ് സംസ്ഥാനങ്ങളിലെ ഖാദി വസ്ത്രങ്ങളുടെ വാങ്ങലും വിപണനവും പരിശോധിച്ചാൽ സംസ്ഥാന ഉല്പാദനത്തിന്റെ മൂന്നിരട്ടിയോളം തുകയ്ക്ക് റിബേറ്റ് നൽകേണ്ടിവരികയാണ്. അത് ഖാദി മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കേരളത്തിലെ ഖാദി വസ്ത്രങ്ങൾക്ക് മാത്രം റിബേറ്റ് അനുവദിക്കുകയെന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ടി മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും മിനിമം വേതനം ഉറപ്പാക്കുകയും ഇ.എസ്.ഐ.-യുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) ഗ്ലോബൽ ആയുർവേദ വില്ലേജ്

ശ്രീ. വി. ജോയി: അയിരൂരിൽ ആയുർവേദ ഗ്ലോബൽ വില്ലേജ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): അയിരൂർ ഗ്ലോബൽ ആയൂർവേദ വില്ലേജ് പദ്ധതിക്കുവേണ്ടി അയിരൂർ വില്ലേജിൽ 30.93 ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് കമ്പനി രജിസ്റ്റർ ചെയ്ത് ശ്രീ. വി. ജോയി എം.എൽ.എ. ചെയർമാനായി കമ്മിറ്റി രൂപീകരിക്കുന്നതിനും ബിസിനസ് പങ്കാളിയെ കണ്ടെത്തി ജോയിന്റ് വെഞ്ച്വർ എന്ന നിലയിൽ സംരംഭം വിപുലീകരിക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## IV റിപ്പോർട്ടുകളുടെ സമർപ്പണം

1. 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. 2019-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

3. 2019- ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

4. 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച

സബ്ജക്ട് കമ്മിറ്റി  റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

5. പിന്നോക്കസമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

6. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും  സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V അറിയിപ്പ്

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ടിനുള്ള ഭേദഗതി

മി.സ്പീക്കർ: 2019 ഒക്ടോബർ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ടിലെ ശിപാർശകൾ സഭയുടെ അനുമതിയോടുകൂടി ഭാഗികമായി ഭേദഗതി വരുത്തി 2019 നവംബർ 13, 14 തീയതികളിൽ സഭ പരിഗണിക്കാനിരിക്കുന്ന 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണനാ തീയതികൾ പരസ്പരം മാറ്റി നിശ്ചയിച്ച വിവരം സഭയെ അറിയിക്കുന്നു.

## VI നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

i. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ

ii. 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

## VII ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ അപര്യാപ്തത

ശ്രീ. കെ. എസ്. ശബരീനാഥൻ: 2019-ലെ കേരള വ്യവസായ

ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായുള്ള സെക്രട്ടേറിയറ്റ് രൂപീകരണത്തിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടാകുന്ന ഫിനാൻഷ്യൽ ഇംപാക്ട് ബില്ലിൽ ഉൾപ്പെടുത്താതിരുന്നത് ക്രമപ്രകാരമല്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട സെക്രട്ടേറിയറ്റ് രൂപീകരണ വ്യവസ്ഥയിൽ എത്ര ജീവനക്കാരെ എപ്രകാരം നിയമിക്കണമെന്നും വേതനം എത്രയായിരിക്കണമെന്നും തീരുമാനിച്ചാൽ മാത്രമേ സഞ്ചിതനിധിയിൽനിന്ന് ചെലവാകുന്ന തുക കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം കീഴ്വഴക്കം നിയമസഭയിൽ മുൻപുമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്തിയിട്ടുള്ളത്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം അപര്യാപ്തമാണെന്നും നിയമസഭാ നടപടിചട്ടങ്ങളിലെ ചട്ടം 73-ലെ വ്യവസ്ഥ ലംഘിച്ചുവെന്നുമാണ് തടസ്സവാദം ഉന്നയിച്ചിരിക്കുന്നത്. " പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്. അത്, ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും, ബിൽ നിയമമായി പാസ്സാക്കുന്ന പക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പുചെലവ് കൂടി അതിൽ നൽകേണ്ടതും ആകുന്നു" എന്നാണ് ചട്ടം 73-ൽ പറയുന്നത്. അതിൻപ്രകാരം മതിപ്പുചെലവ് മുൻകൂട്ടി കണക്കാക്കാൻ കഴിയുന്നപക്ഷം അക്കാര്യം വിശദമായി ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തുകയാണ് സഭയിലെ കീഴ്‌വഴക്കം. അപൂർവ്വം ചില സന്ദർഭങ്ങളിൽ മതിപ്പുചെലവ് മുൻകൂട്ടി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇവിടെ സൂചിപ്പിച്ച പ്രകാരമുള്ള ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾക്കൊള്ളിക്കുന്ന കീഴ്‌വഴക്കവും സ്വീകരിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ തടസ്സവാദം

നിലനിൽക്കുന്നതല്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലും 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലും വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സംസ്ഥാനത്തെ കാർഷിക വ്യാവസായിക രംഗം വികസിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള നിയമനിർമ്മാണമാണിത്. നിക്ഷേപം പ്രോത്സാഹിപ്പിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വ്യവസായരംഗത്ത് മുന്നേറ്റമുണ്ടാക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കാനുതകുന്ന ഉദാരമായ നടപടികളാണ് നടപ്പാക്കുന്നത്. നിലവിലെ നിയമങ്ങൾ ലഘൂകരിക്കുകയും നവീകരിക്കുകയും ക്ലിയറൻസ് സംബന്ധമായ ഭരണനിർവ്വഹണം കൂടുതൽ ഫലപ്രദമാക്കുകയും ചെയ്യുന്നതിനാണ് സർക്കാർ

ഊന്നൽ നൽകുന്നത്. വ്യവസായം തുടങ്ങുന്നതിനുള്ള നടപടികൾ ലളിതമാക്കാൻ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് പാസ്സാക്കുകയും വ്യവസായ ലൈസൻസുകളും അനുമതികളും ലഭ്യമാക്കാൻ കെ-സ്വിഫ്റ്റ് സംവിധാനം കൊണ്ടുവരികയും വ്യവസായ ലൈസൻസുകളുടെ കാലാവധി 5 വർഷമാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായം തുടങ്ങാൻ മുൻകൂർ അനുമതി ആവശ്യമില്ലെന്നും സംരംഭകന്റെ സ്വയം സാക്ഷ്യപത്രത്തിന്മേൽ 10 കോടി രൂപ വരെ മുതൽമുടക്കുള്ള വ്യവസായം തുടങ്ങാമെന്നും അതിനാവശ്യമായ അംഗീകാരവും പരിശോധനകളും മൂന്നുവർഷത്തിനുശേഷം മതിയെന്നുമുള്ള ബില്ലിലെ വ്യവസ്ഥ സംരംഭകരെ ആകർഷിക്കുന്നതാണ്. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് പ്രകാരം രൂപീകരിച്ച ജില്ലാ ബോർഡുകളാണ് വ്യവസായത്തിന് അനുമതി നൽകുന്നത്. സാക്ഷ്യപത്രത്തിലെ വ്യവസ്ഥകൾ ലംഘിച്ചാൽ അഞ്ചുലക്ഷം രൂപയിൽ കവിയാത്ത പിഴ ഈടാക്കാവുന്നതാണ്; ഇതിനെതിരെ സംരംഭകന് അപ്പീലിന് പോകാനും വ്യവസ്ഥയുണ്ട്. 1999-ലെ ആക്ട് പ്രകാരമുള്ള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഒരു

സെക്രട്ടേറിയറ്റ് രൂപീകരിക്കുക, സംസ്ഥാന ബോർഡ്/ജില്ലാ ബോർഡ്/വ്യവസായ പ്രദേശ ബോർഡ് എന്നിവയിലെ അംഗങ്ങൾ യോഗങ്ങളിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യാൻ ചെയർമാന് അധികാരം നൽകുക തുടങ്ങിയവയാണ് ബില്ലിൽ പ്രധാനമായുമുള്ളത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 14-09-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കൈപ്പറ്റ് സാക്ഷ്യപത്രം ലഭിച്ച് മൂന്ന് വർഷം വരെ പരിശോധനകൂടാതെ വ്യവസായം തുടങ്ങാമെന്ന ബില്ലിലെ വ്യവസ്ഥ സംരംഭകന് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും നിയമം ലംഘിച്ചിട്ടുണ്ടോ എന്നും വ്യവസായ വകുപ്പ് പരിശോധിച്ച് ഫൈനൽ സർട്ടിഫിക്കറ്റ് കൊടുക്കുന്ന രീതിയിലാകണം സാക്ഷ്യപത്രം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊല്യൂഷൻ കൺട്രോൾ

ബോർഡിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിബന്ധനകളിൽ വെവ്വേറെ പിഴശിക്ഷകൾ നിലവിലുള്ളപ്പോൾ അഞ്ച് ലക്ഷം രൂപ വരെ പിഴ ഈടാക്കാമെന്ന വ്യവസ്ഥ ഒഴിവാക്കണം. വ്യവസായ വളർച്ചയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും തടസ്സങ്ങളൊഴിവാക്കി വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം തടയുന്നതിനും നടപടി സ്വീകരിക്കണം. കോളേജുകളും സ്കൂളുകളും വഴി ചെറുകിട സംരംഭങ്ങൾ ആരംഭിക്കാനുള്ള സൗകര്യമൊരുക്കണം. സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം ജോലി സംവരണം ഉറപ്പാക്കണം.

ശ്രീ. വി. ജോയി: 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വ്യവസായ സംരംഭം ആരംഭിക്കാൻ വിവിധ സർക്കാർ സംവിധാനങ്ങളുടെ അനുമതി ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കണം. അഴിമതി നിർമ്മാർജ്ജനത്തിനായി ഉദ്യോഗസ്ഥരുടെ തന്നിഷ്ടപ്രകാരമുള്ള പരിശോധനകൾ നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശം അഭിനന്ദനാർഹമാണ്.

പുതിയ സംരംഭങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. 16 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ സാധിച്ചതും അടച്ചുപൂട്ടൽ ഭീഷണി നേരിട്ട പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ നിന്ന് ഇ-ഓട്ടോ നിരത്തിലെത്തിക്കാൻ സാധിച്ചതും ആറ്റിങ്ങൽ സ്റ്റീൽ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചതും ശ്ലാഘനീയമാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്രസർക്കാർ സമീപനം പ്രതിഷേധാർഹമാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കണം. കെ.എസ്.ഐ.ഡി.സി.-യുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധന നടത്തണം. ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിനാവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാക്കി പ്രോജക്ട് നടപ്പിലാക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കാനുള്ള കേന്ദ്രനീക്കത്തെ എതിർക്കണം. ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങൾ

മാർക്കറ്റ് ചെയ്യാനും വായ്പകൾ വേഗത്തിൽ ലഭ്യമാക്കാനും സഹായകമായ നടപടി സ്വീകരിക്കണം. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെറുകിട സംരംഭകരുടെ ക്ലസ്റ്റർ രൂപീകരിക്കുകയും വേണം. പ്രളയബാധിത മേഖലകളെ പ്രളയ സെസ്സിന്റെ പരിധിയിൽനിന്നും ഒഴിവാക്കണം. നോഡൽ ഏജൻസിയായി നിശ്ചയിച്ചിരിക്കുന്ന ജില്ലാ ബോർഡിൽ സംരംഭകരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തണം.

ശ്രീ. വി. ആർ. സുനിൽ കുമാറിനുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ: കേരളത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുകയെന്ന സർക്കാരിന്റെ താല്പര്യത്തിലധിഷ്ഠിതമായ ഭേദഗതി ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വ്യവസായം ആരംഭിക്കുമ്പോൾ നൽകുന്ന സാക്ഷ്യപത്രത്തിൽ പിഴവുകൾ കണ്ടെത്തിയാൽ 5 ലക്ഷം രൂപ വരെ പിഴ ചുമത്താൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങളിലെ നൂലാമാലകൾ ഒഴിവാക്കുന്നതോടൊപ്പം വ്യവസായ സംരംഭകർക്ക് സാമ്പത്തിക പിന്തുണയും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനവും ഒരുക്കുന്ന കാര്യം

പരിശോധിക്കണം. കോർപ്പറേറ്റ് താല്പര്യങ്ങൾ സംരക്ഷിക്കുന്ന കേന്ദ്രനയങ്ങൾ ചെറുകിട വ്യവസായത്തെ തകർക്കുന്നതാണ്. പുതിയ നിയമം വരുന്നതോടെ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള കാലതാമസവും ഉദ്യോഗസ്ഥതല അഴിമതിയും പൂർണ്ണമായും ഇല്ലാതാകും.

ശ്രീ. സി. ദിവാകരൻ: 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-12-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രതിസന്ധി നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ നടപടിയുണ്ടാകണം. പൊതുമേഖലാ സ്ഥാപനങ്ങളിലെ കെടുകാര്യസ്ഥതയും ധൂർത്തും അന്വേഷണവിധേയമാക്കണം. പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും തകർച്ചയിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനും സർക്കാരിന് സാധിച്ചു. പ്രത്യേക പരിഗണന നൽകി കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാൻ നടപടിയുണ്ടാകണം. സംസ്ഥാന ബോർഡിന്റെ ചുമതലകൾ

നിർവ്വഹിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കണമെന്ന ബില്ലിലെ വ്യവസ്ഥ പുന:പരിശോധിക്കണം. ഏകജാലക ക്ലിയറൻസ് ബോർഡിൽ ഉദ്യോഗസ്ഥരെക്കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെയും അംഗങ്ങളാക്കണം. ബിൽ നിയമമാകുന്ന മുറയ്ക്ക് സമയബന്ധിതമായി ചട്ടങ്ങൾ രൂപീകരിക്കണം.

ശ്രീ. വി. എസ്. ശിവകുമാറിനുവേണ്ടി ശ്രീ. എം. വിൻസെന്റ്: 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതികൾ ഏകജാലക സംവിധാനത്തെ ലക്ഷ്യപ്രാപ്തിയിലെത്തിക്കില്ല. 7-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്നതും നടപടിക്രമങ്ങൾ വൈകിപ്പിക്കാനുതകുന്നതുമായ സെക്രട്ടേറിയറ്റിന്റെ ഉദ്ദേശ്യലക്ഷ്യവും ചെലവും സംബന്ധിച്ച് വ്യക്തത വരുത്തണം. നിലവിൽ സർക്കാർ ചട്ടങ്ങൾ ബാധകമായിരിക്കെ ബോർഡ് യോഗങ്ങളിൽ ഹാജരാകാത്ത സർക്കാർ ഉദ്യോഗസ്ഥരായ അംഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള നിയമഭേദഗതി

അനാവശ്യമാണ്. 'ഹോം' (ഹൗസ് ഒക്യുപൈഡ് മൈക്രോ എന്റർപ്രൈസസ് സ്കീം) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും സംരംഭങ്ങൾക്ക് ഓൺലൈൻ രജിസ്ട്രേഷനും മാർക്കറ്റിംഗും കണ്ടെത്തുന്നതിനും 'കെ-സ്വിഫ്റ്റ്' (KSWIFT)-ലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. കൈത്തറി മേഖലയെ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും കൈത്തറിത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുകയും വേണം. പ്രവാസികളെ പുതിയ വ്യവസായ സംരംഭങ്ങളിലേയ്ക്ക് ആകർഷിക്കാനുള്ള സാഹചര്യമൊരുക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായികൾ നേരിടുന്ന കാലതാമസവും ബുദ്ധിമുട്ടുകളും ഒഴിവാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് നിയമഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. കെ-സ്വിഫ്റ്റ് സോഫ്റ്റ്വെയറിലൂടെ ലഭിച്ച അപേക്ഷകളിൽ 40 എണ്ണത്തിന് ഡീംഡ് ലൈസൻസ് നൽകിയിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ്വെയറിന്റെ പോരായ്മകൾ പരിഹരിക്കുന്നതാണ്. വ്യവസായം ആരംഭിക്കാനുള്ള അപേക്ഷയിന്മേൽ ജില്ലാ അധികാരിയുടെ സാക്ഷ്യപത്രം കിട്ടുന്നമുറയ്ക്ക് 10 കോടി രൂപ വരെ

നിക്ഷേപമുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. 10 കോടി രൂപയിൽ താഴെ മുതൽമുടക്കുള്ള സംരംഭങ്ങൾക്ക് ജില്ലാതല കമ്മിറ്റിയും അതിൽ കൂടുതൽ മുതൽമുടക്കുള്ളവയ്ക്ക് സംസ്ഥാനതല കമ്മിറ്റിയുമാണ് ലൈസൻസ് നൽകുന്നത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ആശയ രൂപീകരണത്തിനുമായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഇൻക്യൂബേഷൻ സെന്ററുകൾ സ്ഥാപിക്കുകയും ലോൺ വ്യവസ്ഥ ഉദാരമാക്കുകയും മാർക്കറ്റിംഗുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് വാണിജ്യ മിഷൻ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, തിരുവനന്തപുരം സഹകരണ സ്പിന്നിംഗ് മിൽ, കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ എന്നിവിടങ്ങളിൽനിന്ന് വിദേശരാജ്യങ്ങളിലേയ്ക്ക് നൂൽ കയറ്റുമതി ചെയ്യുന്നുണ്ട്. സംരംഭകർ ഹാജരാക്കുന്ന സാക്ഷ്യപത്രങ്ങളിന്മേൽ നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് നടപടിയെടുക്കാനുള്ള അധികാരം നോഡൽ ഏജൻസിക്കാണ്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് മൂലനിയമത്തിൽ ഭേദഗതികൾ

വരുത്തിക്കൊണ്ടുള്ള ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ, 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ എന്നിവ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 4.12- ന് പിരിഞ്ഞു.

*****